# പുലരി



2022-25


Pray for Us



OUR FOUNDRESS
MOTHER TERESA OF ST ROSE OF LIMA

# ഉള്ളടക്കം

മണ്ടൻ കുറുക്കൻ..........................................................................................05
പച്ചപ്പ്...........................................................................................................06
എട്ടുക്കാലി.....................................................................................................07
കുട്ടികളുടെ സ്വഭാവരൂപവത്കരണത്തിന് അദ്ധ്യാപകർക്കുള്ള പങ്ക്....................08

കുട്ടികവിതകൾ...........................................................................................|
പപ്പടം............................................................................................................| (10)
ഐസ്............................................................................................................|

മലയാള പത്രങ്ങൾക്ക് സ്വാതന്ത്ര്യത്തിനുള്ള പങ്ക്..........................................11
മലയാളം മരിക്കുമോ...................................................................................12
ജീവിത യാത്ര.................................................................................................14
എന്റെ പിതാവ് എന്റെ നായകൻ...............................................................15
സ്നേഹം എന്ന ഔഷധം.................................................................................18
പുതുവർഷം വന്നേ.........................................................................................19
നിലാവ്............................................................................................................20
ചങ്ങാതി..........................................................................................................21
We classmates..........................................................................................22
मेरी माँ...........................................................................................................23

# മണ്ടൻ കുറുക്കൻ

ഒരു കാട്ടിൽ  രണ്ടുമുയലുകൾ ഉണ്ടായിരുന്നു. കിട്ടുവും മിട്ടുവും ആയിരുന്നു അവരുടെ പേര്. കിട്ടുമുയൽ ബുദ്ധിശാലിയായിരുന്നു. ആ നാട്ടിലെ ശങ്കു  എന്നൊരു കുറുക്കൻ ഉണ്ടായിരുന്നു. അവൻ മരമണ്ടനായിരുന്നു.  അവൻ കാട്ടിലെ എല്ലാ മൃഗങ്ങളെയും ഉപദ്രവിക്കും. അതിനാൽ അവനെ ആർക്കും ഇഷ്ടമല്ലായിരുന്നു. ഒരു ദിവസം മിട്ടുമുയൽ പുല്ല് തിന്നുക്കൊണ്ടിരിക്കുമ്പോൾ ശങ്കു അവന്റെ പുറകിൽ വന്നു നിന്നു. മിട്ടു ഇതൊന്നുമറിയാതെ പുല്ല് തിന്നുക്കൊണ്ടരിക്കുകയായിരുന്നു. പെട്ടന്ന് ശങ്കു മിട്ടുവിന്റെ പുറത്ത് ചാടി. പക്ഷേ മിട്ടു രക്ഷപ്പെട്ടു. ശങ്കുവിന് ദേഷ്യം അടക്കാൻ സാധിച്ചില്ല. അവൻ മിട്ടുവിനെ പിടിക്കാൻ തന്നെ തീരുമാനിച്ചു. മിട്ടു കിട്ടുവിനോട് നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. കിട്ടു ശങ്കുവിനെ ഒരു പാഠം പഠിപ്പിക്കാൻ തന്നെ തീരുമാനിച്ചു. കിട്ടുമുയൽ മിട്ടുവിന് ഒരു സൂത്രം പറഞ്ഞുക്കൊടുത്തിട്ട് കിട്ടുരാജാവിന്റെ അടുത്തുചെന്നു. എന്നിട്ട് ഒരു നുണ പറഞ്ഞു. 'ശങ്കു രാജാവിനെ കൊല്ലാൻ തക്കം നോക്കിയിരിക്കുകയാണെന്ന് മറ്റു മൃഗങ്ങളോട് പറയുന്നത് ഞാൻ കേട്ടു'.ഇതു കേട്ടപ്പോൾ രാജാവിന് ദേഷ്യം വന്നു.രാജാവ് അവനെ ഗുഹയിലേക്ക് കൊണ്ടുവരാൻ മൃഗങ്ങളെ അയച്ചു. 'മഹാരാജാവേ, പരിഭ്രമിക്കേണ്ട ശങ്കുവിനെ മിട്ടുക്കൊണ്ടുവരും'. എന്നു കിട്ടുപറഞ്ഞു. 'മിട്ടുവിന് ഞാൻ ഒരു സൂത്രം പറഞ്ഞുകൊടുത്തിട്ടുണ്ട്.' ആ സമയം ശങ്കു മിട്ടുവിനെ പിടിക്കൂടി.മിട്ടുവിന് രക്ഷപ്പെടാൻ സാധിച്ചില്ല. അവൻ രക്ഷപ്പെടാൻ ശ്രമിച്ചുമില്ല. അവൻ ശങ്കുവിനോട് പറഞ്ഞു. 'നീ എന്നെ കൊന്നോളൂ പക്ഷെ എന്റെ അവസാനത്തെ ആഗ്രഹം സാധിച്ചു തരണം.' ശങ്കു അല്പസമയം ആലോചിച്ചു. എന്നിട്ടു പറഞ്ഞു- 'ശരി, നിന്റെ അവസാനത്തെ ആഗ്രഹം ഞാൻ സാധിച്ചുതരാം. ആട്ടെ നിന്റെ അവസാനത്തെ ആഗ്രഹം എന്താണ്?' മിട്ടു പറഞ്ഞു. 'എനിക്ക് രാജാവിനെ ഒന്നു കാണണം.' ശങ്കു മിട്ടുവിനെ രാജാവിന്റെ അടുത്തുകൊണ്ടുപോയി. ശങ്കുവിനെ കണ്ടപ്പോൾ രാജാവിന്റെ കണ്ണുകൾ ദേഷ്യം കൊണ്ട് ചുവന്നു. രാജാവ് പറഞ്ഞു- 'നീ എന്നെ കൊല്ലാന തക്കം നോക്കിയിരിക്കുകയാല്ലേ? നിന്നെ ഇനി ഈ കാട്ടിൽ കണ്ടാൽ



# പച്ചപ്പ്

എത്രയോ പച്ചപ്പിനെയും അവിശേഷിക്കുന്ന
എത്രയോ പുരാതനമാം ഗൃഹങ്ങളും
നമ്മൾ തൻ ശില്പചാരുത്യം തീർത്തിടും
ഈ ഗൃഹങ്ങളിനിയെത്രനാൾ സോദരെ
ആധുനികമാം കെട്ടിടങ്ങൾ വന്നു നിറയുന്നീ ഭൂമിയിൽ
മറയുന്നു പുരാതനമാം ശില്പചാരുത്യം
ഇവയെ എങ്ങനെ നാം രക്ഷിച്ചീടും
ആർക്കുമേ ദുഃഖമില്ലേയിതിൽ
ഇവയെ സേവിക്കാൻ ശ്രമിച്ചീടേണം നാം
കളയരുതേ ഈ ശില്പഭംഗിക.



# എട്ടുക്കാലി

കാലുകളെട്ടുള്ളൊരെട്ടുകാലി

വലനെയ്തു കൂട്ടുന്നൊരെട്ടുകാലി

കൗതുകം തോന്നീടും നോക്കി നില്ക്കാൻ

ഇരകളെ വലയിൽ കുടുക്കി പിന്നെ

കാലെട്ടും കൊണ്ട് പിടിച്ചുകെട്ടി

തിന്നുവാൻ പാകപ്പെടുത്തും പിന്നെ

വിഷമുള്ള ജീവിയാണെന്നാകിലും

കുഞ്ഞുങ്ങൾക്കാഹാരം തൻശരീരം

നൽകി ചത്തുപോം പാവമെട്ടുകാലി



## കുട്ടികളുടെ സ്വഭാവരൂപവത്കരണത്തിന് അദ്ധ്യാപകരുടെ പങ്ക്

കുടുംബത്തിൽ സൽസ്വഭാവികളായി പരിശീലിക്കാൻ അവസരം ലഭിക്കാത്ത, ദുർവൃത്തരായ മാതാപിതാക്കളുടെ സന്താനങ്ങൾക്ക് അവരുടെ ആ ന്യൂനത പരിഹരിക്കാൻ ലഭിക്കുന്ന ഏറ്റവും ഉത്തമമായ രംഗമാണ് സ്കൂൾ ജീവിതം. സ്വഭാവഗുണങ്ങളുടെ വികാസത്തിനും, ശരിയായി ജീവിക്കേണ്ട അറിവ് പ്രദാനം ചെയ്യുന്നതിനും, അദ്ധ്യാപകർ പാഠവിഷയങ്ങളിലൂടെയും പാഠ്യേതരപദ്ധതികളിലൂടെയും, കുട്ടികളെ പരിശീലിക്കുവാൻ സഹായിക്കുന്നു. സ്വഭാവരൂപവൽക്കരണത്തിൽ കുട്ടികളെ സഹായിക്കുന്നതിൽ അദ്ധ്യാപകർക്കുള്ള പങ്ക് സുപ്രധാനമാണ്.

'ചൊട്ടയിലെ ശീലം ചുടലവരെ' എന്നാണല്ലോ ചൊല്ല്. ഇതിനനുസരിച്ച് ബാല്യക്കാലത്ത് കുട്ടികൾ പഠിക്കുന്ന ശീലങ്ങൾ അവ നല്ലതായാലും ചീത്തയായാലും തന്റെ കുഴിമാടം വരെ അവന്റെ ഒപ്പം ഉണ്ടാകും. ശൈശവക്കാലത്ത് കുട്ടികളെ ശരീരശുചീകരണം വൃത്തി ഇവരെ മതപരമായ പ്രാഥമിക അനുഷ്ഠാനങ്ങളും, മുതിർന്നവരോടുള്ള ബഹുമാനം തുടങ്ങിയവയെല്ലാം മാതാപിതാക്കൾ പഠിപ്പിക്കുന്നു. ബാല്യത്തിലേക്ക് കടക്കുമ്പോൾ മനസ്സിൽ മാതാപിതാക്കൾ വിതച്ച ചില നല്ല ആശയങ്ങളുമായി അവർ വിദ്യാലയത്തിന്റെ പടിവാതിക്കൽ കയറുന്നു. അവർ ഏറ്റവും കൂടുതൽ സമയം ചിലവഴിക്കാൻ അവസരം കിട്ടുന്നത്, മാതാപിതാക്കളോടൊത്തല്ല, അദ്ധ്യാപകരോടൊത്താണ്. ഈ സാഹചര്യത്തിലാണ് അദ്ധ്യാപകരുടെ സുപ്രധാന പങ്ക്.

മനസ്സിൽ വിതച്ചിരിക്കുന്ന നല്ല ഗുണങ്ങളാകുന്ന വിത്തുകൾക്ക് വെള്ളവും വളവും നൽകി വളർത്തുകയാണ് അദ്ധ്യാപകർ ചെയ്യേണ്ടത്. പക്ഷേ ഇന്നത്തെ ഈ തിരക്കേറിയ യുഗത്തിൽ മനുഷ്യന് തന്റെ സന്താനങ്ങൾക്ക് നല്ല ഗുണങ്ങൾ പറഞ്ഞു കൊടുക്കാൻ മനുഷ്യന് എവിടെയാണ് സമയം. അപ്പോൾ അദ്ധ്യാപകരുടെ ചുമതല ഏറുന്നു. പലപ്പോഴും മാതാപിതാക്കളേയും മുതിർന്നവരെയും കാണുമ്പോൾ എഴുന്നേറ്റ് ബഹുമാനം പ്രകടിപ്പിക്കണമെന്ന സാമാന്യമര്യാദ പോലും കുട്ടികൾക്ക് അറിവിണ്ടാകില്ല. മാതാപിതാക്കൾ തനിക്ക് ജന്മം നൽകിയവരാണെന്നും മുതിർന്നവർ തന്നേക്കാലളും അറിവും വിജ്ഞാനവും ഉള്ളവരാണെന്നും അതിനാൽ അതിനാൽ അവരെ ബഹുമാനിക്കണമെന്നും കുട്ടികളെ പഠിപ്പിക്കേണ്ടത് അദ്ധ്യാപകരാണ്.

ഹിന്ദിയിലെ പ്രശസ്തകവിയായ കബീർദാസ് പറയുന്നു;- 'ഗുരുവും ഈശ്വരനും എന്റെ മുന്നിൽ ഒരുമിച്ചു വന്നുനിന്നാൽ ഞാൻ ആദ്യം എന്റെ ഗുരുവിനെ വന്ദിക്കും. കാരണം അദ്ദേഹമാണ് എനിക്ക് ഈശ്വരനെ കാണിച്ചുതന്നത്. ശൈശവദശയിൽ സാമാന്യമര്യാദ, സത്യസന്ധത, മറ്റുള്ളവരോടുള്ള ബഹുമാനം തുടങ്ങിയ പ്രാഥമിക ജ്ഞാനവും ഈശ്വരഭക്തിയും ഏതു മതവിശ്വാസിയായാലും കുട്ടികളിൽ വേരുറപ്പിക്കുന്നത് അദ്ധ്യാപകരാണ്.

കൗമാരക്കാലത്ത് തെറ്റും ശരിയും തിരഞ്ഞെടുത്ത് പ്രവർത്തിക്കുവാൻ അവരെ പഠിപ്പിക്കുകയാണ് അദ്ധ്യാപകർ. ഒരു മെഴുകുതിരിയുടെ നാളത്തിലേക്ക് കൈനീട്ടുന്ന കുട്ടിയോട് മുന്നക്കൂട്ടിപറയുന്നതുപ്പോലെ, തെറ്റിലേക്ക് ചെന്നുവീഴുന്ന പ്രായത്തിൽ മുൻക്കൂട്ടി പറഞ്ഞുതരുന്നത് അദ്ധ്യാപകരാണ്. പെരുമാറ്റത്തിൽ വിനയവും പ്രസാദാത്മകതയും വളർത്തുവാൻ അദ്ധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികളോട് ഉപദേശിക്കാറുണ്ട്. എനിക്ക് രണ്ട് അമ്മമാരുണ്ട് വീട്ടിലെ അമ്മയും, വിദ്യാലയത്തിലെ അമ്മയും എന്ന് പലക്കുട്ടികളും പറഞ്ഞുകേൾക്കാറുണ്ട്. കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിന് ഏറ്റവും അധികം ശ്രദ്ധിക്കുന്ന പെറ്റമ്മയെപ്പോലെ താൻ ഏറ്റവും അധികം സമയം ചിലവഴിക്കുന്ന വിദ്യാർത്ഥികളുടെ സ്വഭാവ രൂപവൽക്കരണത്തിൽ ശ്രദ്ധിച്ച സ്തുത്യർഹമായ സേവനം നടത്തുന്നവരാണ് അദ്ധ്യാപകർ. 'ചെറുപ്പകാലങ്ങളിലുള്ള ശീല മറക്കുമോ മാനുഷ്യനുള്ളകാലം' എന്ന് മനസ്സലാക്കി തന്റെ വിദ്യാർത്ഥികളെ മക്കളെപ്പോലെ കരുതി അവരുടെ ശീലങ്ങളിൽ ഉത്ക്കണ്ഠാപൂർവ്വം ശ്രദ്ധിക്കുന്ന അദ്ധ്യാപകർ കുട്ടികളുടെ സ്വഭാവങ്ങളുടെ യഥാർത്ഥ ദാതാവാണ്.

"അസാദ്ധ്യാമെന്നത് മഠയന്മാരുടെ നിഘണ്ടുവിൽ മാത്രം കാണുന്ന ഒരു പദമാണ്."

നെപ്പോളിയൻ.



# കുട്ടികവിതകൾ



എണ്ണയിടങ്ങഴി  ചെമ്പലൊഴിച്ച
വട്ടക്കണ്ണനെയിട്ടു പൊരിച്ച
മേലുമുഴുകെ കുമിളകളായി
പൊള്ളിപ്പൊങ്ങിയ വട്ടനിതാര്

## പപ്പടം

കാണാൻ നല്ലൊരു സ്ഫടികം
കുളിരു ചുരത്തും സ്ഫടികം
വെളിയിലെടുത്താൽ മെല്ലേ
കരഞ്ഞും തീരും സ്ഫടികം

## ഐസ്

നാലുകാലുണ്ടേലും,നടമുടി നിൽക്കുവോൻ
ആളെ ചുമന്നങ്ങകത്തു  കഴിയുവോൻ
രാവും പകലുമേ വേല ചെയ്തെന്നാലും
കൂലിവാങ്ങില്ല, പരിഭവമില്ലെനി-
ക്കരോടുമില്ല, പരാതിളെത്തുമേ
ശാന്തനും സൗമ്യനമായ ഞാനാരെന്ന്
വേഗം പറയുവിൻ ഭാവനാശാലികൾ.



# മലയാള പത്രങ്ങൾക്ക് സ്വാതന്ത്ര്യത്തിനുള്ള പങ്ക്

സ്വാതന്ത്ര്യസമരക്കാലം ഇന്ത്യൻ ചരിത്രത്തിലെ സുപ്രധാനമായ ഒരു കാലഘട്ടമാണ്. ഇന്ത്യൻ പൗരന്മാർ അക്കാലത്ത് , സ്വാതന്ത്ര്യസമരക്കാലത്ത് സമരത്തിൽ പങ്കെടുത്ത് വീരസേവനം കാഴ്ചവയ്ക്കുന്നതിൽ അഭിമാനിച്ചിരുന്നു. അവരിൽ സ്വാതന്ത്ര്യബോധം ജനിപ്പിക്കുന്നതിൽ പത്രങ്ങൾ വഹിച്ച ഭാഗം എടുത്തുപറയത്തക്കതാണ്. കേരളം ഇന്ത്യയുടെ ഒരറ്റത്താണ് സ്ഥിതിച്ചെയ്യുന്നതെങ്കിലും മലയാള പത്രങ്ങൾ വഹിച്ച പങ്ക് മഹനീയമാണ്.

ഇന്ത്യയിലെ കേരളമുൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലും അക്കാലത്ത് സാമൂഹികദുരാചരണങ്ങൾ നിലനിന്നിരുന്നു. അവയിഷ ജനങ്ങലെ തമ്മിൽ വേർപ്പിരിക്കുന്നവയും ഉണ്ടായിരുന്നു. അവയെ ഉന്മൂലനം ചെയ്ത് ഭാരതജനത ഒന്നാണെന്ന ബോധം കൈവരിച്ചാലെ സ്വാതന്ത്ര്യം എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് എത്താൻ സാധിക്കുകയൊള്ളൂ എന്ന് മനസ്സലാക്കി പല സാമൂഹിക നേതാക്കളും അവയ്ക്കുവേണ്ടി പരിശ്രമിക്കുകയുണ്ടായി. അതിന് ഉത്തമ ഉദാഹരണങ്ങളാണ് കേരളത്തിലെപല മഹാകവികളുടെ കവിതകൾ.

വള്ളത്തോൾ നാരായണ മേനോൻ ഇപ്രകാരം എഴുതി.

'ഭാരതമെന്നപേർ കേട്ടാലഭിമാന പൂരിതമാകണമന്തരംഗം കേരളമെന്നു കേട്ടാലോ തിളക്കണം ചോര നമുക്ക് ഞരമ്പുകളിൽ



# മലയാളം മരിക്കുമോ

ഇങ്ങനെയൊരു ചോദ്യം കാണുമ്പോൾ ചിന്തിക്കാൻ കഴിവുള്ള ഏതൊരുവനും ഒന്നു ചിരിച്ചുപോകും. ജീവനുള്ളവയ്ക്കല്ലേ മരണമുള്ളൂ എന്നറിയാത്തവരുടെ വിഡ്ഢിത്തം എന്ന് കരുതുകയും ചെയ്യും. വിജ്ഞാനനഗരം മുഴുവൻ ഉള്ളിലൊതുക്കി പടർന്നു പന്തലിച്ച ശാഖകളോടു കൂടിയസംസ്കൃതം മൃതഭാഷയെന്നറിയപ്പെടുന്നു. ഇംഗ്ലീഷിന്റെയും ഹിന്ദിയുടെയും സ്വാധീനം സംസ്കൃതത്തെ നാവിൻ തുമ്പിൽ നിന്ന് മാറ്റിക്കളഞ്ഞു. അതുപോലെ ഒരിക്കൽ മലയാളവും മറഞ്ു പോയേക്കാം. മൃതഭാഷയായി കാഴ്ച ബംഗ്ലാവിലെ ചില്ലുക്കൂട്ടിൽ അതിന്റെ അക്ഷരമാലകൾ നിരന്നു നിൽക്കുന്ന ഒരു കാലവും വരാം. അതുവരെ എത്തിക്കണോ എന്നാണ് ചോദ്യത്തിലെ വ്യംഗ്യം.

മലയാളമുള്ളിടുത്തോളം കാലമേ മലയാളിയുമുള്ളൂ എന്ന സത്യം എന്ന് മനസ്സലാക്കാത്തവർ ആണ് മലയാളികൾ. മലയും ആഴിയും ഒത്തു ചേർന്ന ഈ പ്രദേശത്തെ ഭാഷയും അതിലേറേ സുന്ദരമാണെന്ന വസ്തുതയ്ക്ക് നേരെ പുറം തിരിഞ്ഞു നിൽക്കുന്നവരാണ് നാം. തന്റെ മാതൃഭാഷയിൽ അഭിമാനം കൊള്ളാത്ത ഒരു ജനത ഈ മലനാട്ടിലുമുണ്ട്. വിദേശ ഭാഷകളിൽ പ്രാവീണ്യം നേടാൻ ശ്രമിക്കുന്ന അവർ മലയാളത്തെ തിരിഞ്ഞു നോൽക്കുന്നില്ല; എത്ര മോശം! അതിൽ സംവേദിക്കാൻ മടിക്കുന്നു. മലയാളത്തിനു മാന്യത നൽകാത്ത മലയാളിയെ നോക്കി 'ഹാ കഷ്ടം' എന്നു പറയാൻ മറുനാട്ടുക്കാർ വേണ്ടിവന്നു.

ഫ്രാൻസിന്റെ അധീനതയിൽ കഴിഞ്ഞിരുന്ന ഇംഗ്ലണ്ട് സ്വാതന്ത്ര്യം നേടിയപ്പോൾ ഇംഗ്ലണ്ടിലെ പ്രഭുക്കളും വിദ്വാന്മാരും ഫ്രഞ്ചിനെ തന്നെ തങ്ങലുടെ ഔദ്യോഗിക ഭാഷയായി നിലനിൽക്കുവാൻ അപേക്ഷിച്ചത്രേ. തങ്ങളുടെ ഔദ്യോഗിക ഭാഷയായ ഇംഗ്ലീഷ് വേണ്ടത്ര വികസിച്ചിട്ടില്ലായിരുന്നു എന്നാണ് അവരുടെ വാദം. ഇംഗ്ലീഷുക്കാർ ഫ്രഞ്ചുക്കാരോടും അവരുടെ ഭാഷയോടും വരെയുള്ള അടിമത്തഭാവമാണിത് തെളിയിക്കുനന്തിൽ സംശയമില്ല. നൂറ്റാണ്ടുകൾക്കുശേഷം ഇത്തരമൊരു വിഡ്ഢിത്തം ഭാരതത്തിലെ വിദ്വാന്മാരും കാണിച്ചു.ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി നിലനിർത്തി, പ്രാദേഷിക ഭാഷകൾക്ക് വെറും രണ്ടാംസ്ഥാനം മാത്രം. ഈ

വിഡ്ഢിത്തത്തിന്റെ അന്തര ഫലം ആണ് മലയാളത്തിന്റെ ദുരാവസ്ഥ. ഇംഗ്ലീഷുഭാഷ വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും വാതിലുകൾ തുറന്ന് നന്നിട്ടുണ്ടെന്ന നാം ഓർക്കേണ്ടതാണ്. എങ്കിലും സ്വന്തം ഭാഷ കഴിഞ്ഞിട്ടുമതിയായിരുന്ന ഇംഗ്ലീഷിനെ ആദരിക്കൽ.




# ജീവിതയാത്ര

Stefeena k.j

IX A

പല ജാതി , പല വഴി, പല നിറങ്ങൾ
എങ്കിലുംഎപ്പോളും എങ്ങനേലും
ഒന്നിക്കുമെല്ലാരും ഒരു വഴിയിൽ
ജീവിത പാതകൾ തീർന്നകാലം..
ജീവിത വ്യഥകൾ തീർന്ന നേരം,

ഇനിയുമെന്നെങ്കിലും ഈ വഴിയിൽ.
ഈ നിറങ്ങളിൽ ,
ഈ സൗഹൃദങ്ങളിൽ .. ജീവിതത്തിൽ .
പിറന്നുവെങ്കിൽ .
ധന്യത പുല്കിടുമാ നിമിഷം. .



Swathi br
IX A

# എന്റെ പിതാവ് എന്റെ നായകൻ

_പിതാവ് ഒരു
അത്ഭുതകരമായ
മനുഷ്യനും മികച്ച
പിതാവുമാണ്. ഞാൻ എന്റെ
നായകനായി കാണുന്നു.
കുടുംബത്തിന് താങ്ങും
തണലുമായി.
കുട്ടിക്കാലത്ത്
എത്രമാത്രം
അനുസരണയുള്ളവനായിരുന്നുവെന്ന് എന്റെ
മുത്തശ്ശി ഞങ്ങളോട്
പറയാറുണ്ട്.
മാതാപിതാക്കൾ
തന്നോട്
പറയുന്നതെല്ലാം എപ്പോഴും
അനുസരിക്കുകയും
തന്റെ
ലക്ഷ്യങ്ങൾ
കൈവരിക്കുന്നതിനായി നിരന്തരം പ്രവർത്തിക്കുകയും ചെയ്തു.
കായികരംഗത്തും
മിടുക്കനായിരുന്നു.
കൂടാതെ,
ഒഴിവുസമയങ്ങളിൽ
വീട്ടുജോലികളിൽ
സഹായിച്ചു. തന്റെ

ജോലിയോടുള്ള
അദ്ദേഹത്തിന്റെ
അർപ്പണബോധവും
സഹായകരമായ
സ്വഭാവവും മികച്ച
മനുഷ്യരാകാൻ നമ്മെ
പ്രചോദിപ്പിക്കുന്നു.
ഇന്നും അച്ഛന്റെ
സ്വഭാവത്തിന് ഒരു
മാറ്റവും വന്നിട്ടില്ല.
അദ്ദേഹത്തിന്റെ
കഠിനാധ്വാന
സ്വഭാവത്തിന് അദ്ദേഹം
അഭിനന്ദനം
അർഹിക്കുന്നു കൂടാതെ
ജോലിയോടുള്ള
ആച്ഛന്റെ
അർപ്പണബോധത്തെ
എന്റെ അമ്മയ...
പുതുവർഷം
.......................

കാലചക്രത്തിൻ ഗമനവഴിയിൽ
പുതു വെളിച്ചത്തിൻ  നാമ്പ്.
ധന്യമാം മുഹൂർത്തത്തിൻ
മണിനാദം കേൾക്കാം ദൂരത്തായ്.
ചക്രവാളസരിമയിൽ സാമഗാനത്തിൻ
ഗീതികൾ തൻ അലകൾ.
വീണ്ടും എത്തുന്നു നവ വർഷം.

പുതിയ പ്രതീക്ഷകൾ,

പുത്തൻ ആശയങ്ങൾ,

ചുറ്റും നവഗന്ധപൂരിതം

സുഗന്ധമയം സാന്ദ്രം.

ഹൃദയരാഗമാല്യങ്ങളാൽ

മാനവരാശിക്കായ്

ഏകുന്ന പുതുപിറവിയിൽ

പ്രാർത്ഥനമന്ത്രങ്ങൾ



# സ്നേഹം എന്ന ഔഷധം

Parvathi Manoj
IX A

............................................

സ്നേഹം സർവ്വരോഗസംഹാരിയാണ്. ബിഷപ്പ് സെനോയുടെ വാക്കുകൾ നമുക്ക് ഓർക്കാം. "ഓ സ്നേഹമേ നീ എത്രമാത്രം നന്മ നിറഞ്ഞവളും ധന്യയും ശക്തയുമാണ് ". സ്നേഹിക്കുക, എപ്പോഴും സ്നേഹിക്കുക എല്ലാവരേയും സ്നേഹിക്കുക. സ്നേഹമാകുന്ന ആയുധം കൊണ്ട് പൊരുതിയാൽ വിജയം ഉറപ്പാണ്. സ്നേഹമായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. സ്നേഹത്തിൻ ലക്ഷ്യം സ്വന്തം നന്മയല്ല, മറ്റുള്ളവരുടെ നന്മയാണ്.

മദർതെരേസയുടെ വാക്കുകൾ; "സ്നേഹത്തിന്റെ ദാരിദ്ര്യമാണ് ലോകത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും
കാരണം". സ്നേഹം ഒരു വ്യക്തിയെ നന്മയുള്ളവനാക്കുന്നു. സ്നേഹം കിട്ടാതൊരു വ്യക്തി തിന്മയിലേക്ക് പോയി അപകടകാരിയാകും. സ്നേഹിക്കാനുള്ള കഴിവാണ്
ഏറ്റവും വലിയ കഴിവ്.
ജീവിതത്തിലെ പ്രശ്നങ്ങൾ മൂലം വിഷമിച്ച നടക്കുന്ന മനുഷ്യന് സ്നേഹവും ശാന്തിയും നൽകാൻ സ്നേഹം എന്ന ഔഷധത്തിനു സാധിക്കട്ടെ....



# പുതുവർഷം വന്നേ

GOURINANDANA.S,IX

പുത്തൻവാർ ണചിറകുകൾ  വീശും
പുലരിപൂമ്പാറ്റ
പുത്തൻവാർഷപൂമ്പേണ്ണ്
വരുന്നേ
പുഞ്ചിരി തൂക്കും നീ
പുഞ്ചിരി തൂകാം പാറി നാടകം
പുതുമകൾ കണ്ടിടാം
പുത്തനുടുപ്പും ഷൂസുമണി ഞ്
പുറകേ പോരു നീ!



# നിലാവ്

MEKHA AJI ,IX A

എന്തേ, നീ

സുന്ദരിയായത് നിന്നെ ആരാണ് സവരിയാണിത് പൊന്നിൻ ജനത്തി തളിച്ച്
ഇരിയ നിന്നെ കാണാൻ എം ം വാരിവിതറിയ വാനത്തി പൊട്ടു കണക്കേ
ചിരിച്ചു നി എന്ന് നിന്നെ കാണാൻ എന്ത് ഭംഗി പാതിയായാലും സുന്ദരി നി

നിന്നാലും നിന്നെ കാണാൻ എന്ന ടംഗി സ്വർണ്ണവർണ്ണം വാരി വിതറി പട്ടത്തിൽ
കൂടി നിന്റെ ഒളിച്ച പൂർണ്ണതയിൽ നിന്നും അലിഞ്ഞ് നീ തീർന്നാലും നിന്റെ
വരവിന് കാത്തി



# ചങ്ങാതി

Malavika K R , IX

ഓരോ കാഴ്ച്ചയിലും
ഓരോ ഓർമ്മയാകുന്ന
അപ്രതീക്ഷങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിന്നാരങ്ങളുടെ
തണലിൽ വെച്ച്
കൊഴിഞ്ഞുവീണ
കൊന്നപ്പൂക്കളിൽ
എനിക്കെന്റെ
ചങ്ങാതിയെകിട്ടുന്നു
ഞാനാരെന്നോ.....
നീയാരെന്നോ....
ചോദിക്കാതെ
സൗഹൃദത്താൽ കരൾ നിറഞ്ഞ്.....
വിണ്ടും കാണണമെന്ന്
സുനിശ്ചിതത്വത്തിൽ
പുൽതകിടി വിട്ടിറങ്ങുന്നതധ..........



# WE-CLASS MATES

Who has beautified you to this days evening
So fascinating in your flowing dapper
Like a young virign walking over the flowing waters
So casually accompanied by the flying seagulls
Boats on shore assist your journey
As setting sun embraces the shore.
Flocks of birds shades their images upon this lady
As they dash through the crimson clouds!
My fellow friends engrossed in chattering
At the background of rain-my friend is jabbering
With her rhytmic feet in dancing.
Fishermen gladly back rowing home gently
With their catch unusual
Divine smile of your lady who clads in snow
Showers her sweet odour around
Co-journers awaits to clasp their own shores
As our boats moves across
To lead us onward journey
I here pause
In recalling the queens and kings
Boarded in this boat titled *“myil vahanam”*
Lady that serves in the boat and its driver
Shares their life with this boat
Holding it as their own fellow friend!
Me and my friend secretly, yet
Delighted to meet our beloved classmate
Sound of the vehicle awakened her
To peep for the portico stands she
Shocked in surprise,throbbed happily
To greet her love one.
We spent our sweet moments merrily
Turning her kitchen upside down
Cooking together fond dishes to relish
Ha!ohhh our black TEA
Hailed from munnar
Yo charmed our bond of love
To the realm of tastier as YOU



***SR.AKHILA CSST***
***HST ENGLISH***

# मेरी मॉ

सुबह सबसे पहले उड जाती थी मॉ
सूरज से भी पहले

आंख खुलातै  देखी थी
रसोई में खाना बनाकर
पसीने से भरा चेहरे मै एक मुस्कान के साथ
मुझे उठाति थी

हर रोज हमारे लिए
सबकुछ सहती  थी वह
बमारियों में भी
 वही मुसकान के साथ
काम करती थी मा

अब जब वह साथ नहीं
सोचरही हूं मैं उनके बारे में
कितनी प्यार देती थी मॉम
कितनी खयाल रखती थी...

